LIBRARY ARCHIVES Kerala Legislative Assembly.

പോലീസ് സ്റ്റേഷനുകളിലെ റിസപ്ഷൻ സമ്പ്രദായവും പോലീസുകാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങളും

40 [2526] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും റിസപ്ഷൻ സമ്പ്രദായം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പോലീസുകാർക്ക് 24 മണിക്കൂർ ജോലിയെന്ന നയം മാറ്റി 8 മണിക്കൂർ എന്ന് നിജപ്പെടുത്തുമോ;

(സി) പോലീസിനെ വിദഗ്ദ്ധ തൊഴിലാളിയായി കണക്കാക്കണമെന്ന് ദേശീയ പോലീസ് കമ്മീഷന്റെ നയം നടപ്പിലാക്കുമോ;

(ഡി) മിലിറ്ററി ക്യാന്റീൻ പോലെ പോലീസുകാർക്കും കാന്റീൻ സൗകര്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പോലീസ് സ്റ്റേഷനുകളിലെ വാഹനം എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ഉപയോഗിക്കാൻ അനുവാദം ഉണ്ടോ; ഇത് സംബന്ധിച്ച നിർദ്ദേശം എന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) ക്രൈംബ്രാഞ്ച്, വിജിലൻസ് എന്നീ വിഭാഗങ്ങളിൽ ക്രൈം വർക്കിനെക്കുറിച്ച് അറിയാത്തവരേയും അഴിമതിയിൽപ്പെട്ടവരേയും നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇപ്രകാരം നിയമിക്കുന്നവരുടെ പൂർവ്വകാല പ്രവർത്തനങ്ങളെ വിലയിരുത്തി ആക്ഷേപങ്ങൾക്ക് ഇടയില്ലാത്തവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) 10 വർഷം സർവ്വീസ് പൂർത്തിയാക്കി ഗ്രേഡ് അർഹത നേടിയ പോലീസുകാർക്ക് സാമ്പത്തിക ബാദ്ധ്യത വരാത്തതിനാൽ പ്രൊമോഷൻ കൊടുക്കുമോ;

(ഐ) എറണാകുളം റെയിഞ്ചിൽ ഒരു വർഷമായി ഉണ്ടായ 175-ഓളം എ.എസ്.ഐ. തസ്തിക നികത്താത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭരണ നവീകരണ പദ്ധതിപ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 57 പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷനുകൾ ആക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(ബി) തിരഞ്ഞെടുക്കപ്പെട്ട 57 പോലീസ് സ്റ്റേഷനുകളിൽ പോലീസുകാർക്ക് ജോലി സമയം എട്ട് മണിക്കൂർ ആക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

(ഇ) പോലീസ് സ്റ്റേഷനിലെ വാഹനം ഓദ്യോഗിക ആവശ്യത്തിനായി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ഉപയോഗിക്കാം.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

(എച്ച്) ഇക്കാര്യം പരിഗണനയിലില്ല.

(ഐ) എറണാകുളം റേഞ്ചിൽ എ.എസ്.ഐ.-മാരായി പ്രൊമോഷൻ ലഭിക്കുന്നതിന് അർഹത നേടിയ 116 ഹെഡ്കോൺസ്റ്റബിൾമാരുടെ സെലക്ട് ലിസ്റ്റ് ഡി.ജി.പി. അംഗീകരിക്കുകയും പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് എ.എസ്.ഐ.-മാരായി പ്രൊമോഷൻ നൽകി വരികയുമാണ്.

പോലീസ് സേനയുടെ ജോലിഭാരം കുയ്ക്കുന്നത് സംബന്ധിച്ച തീരുമാനം

41 [2527] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

„ രാജു എബ്രഹാം:

„ പി. ജയരാജൻ:

„ കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ ജോലിഭാരം കുറയ്ക്കുന്നതു സംബന്ധിച്ച് തീരുമാനം എന്തെങ്കിലും എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ഡ്യൂട്ടിസമയം 8 മണിക്കൂറായി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പോലീസ് സേനയ്ക്ക് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ—സി) ഉണ്ട്. പോലീസ് സേനയുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 57 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി സമയം ആക്കിക്കൊണ്ട് 30-6-2004-ലെ ജി.ഒ. (എം.എസ്.) 232/04/ ആഭ്യന്തരം എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സ്ഥലം മാറ്റ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് 30-6-2004-ലെ ജി.ഒ. (എം.എസ്.) 231/04/ആഭ്യന്തരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly